(ബി) പ്രസ്തുത വർക്കുകളുടെ പുരോഗതി വർഷം തിരിച്ച് ലഭ്യമാക്കുമോ ;

(സി) ഭരണാനുമതി ലഭിച്ചശേഷം ആരംഭിക്കാത്ത വർക്കുകൾ ഭാഗികമായി പൂർത്തീകരിച്ച വർക്കുകൾ എന്നിവയുടെ വിശദവിവരം ലഭ്യമാക്കുമോ ?

ഉത്തരം

(എ-സി) ഹാർബർ എഞ്ചിനീയറിംഗ് വകുപ്പുവഴി തിരുവനന്തപുരം ജില്ലയിൽ 2011-12, 2012-13, 2013-14, 2014-15 വർഷങ്ങളിൽ ഭരണാനുമതി നൽകിയവർക്കുകളുടെ പേരും പുരോഗതിയും സംബന്ധിച്ച വിശദവിവരം അനുബന്ധമായി ചേർത്തിരിക്കുന്നു.*

ഇ-ഗ്രാന്റ്സ് പദ്ധതി

97 (7660) പ്രൊഫ. സി. രവീന്ദ്രനാഥ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഫിഷറീസ് വകുപ്പിൽ ഇ-ഗ്രാന്റ്സ് പദ്ധതി നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നുണ്ടോയെന്ന് വ്യക്തമാക്കുമോ ;

(ബി) ഉണ്ടെങ്കിൽ വിശദാംശം വ്യക്തമാക്കുമോ ?

ഉത്തരം

(എ) ഫിഷറീസ് വകുപ്പിൽ 2014-15 വർഷത്തിൽ ഇ-ഗ്രാന്റ് പദ്ധതി നടപ്പിലാക്കുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്.

(ബി) 2014-15 വർഷത്തിൽ ഫിഷറീസ് വകുപ്പിൽ ഇ-ഗ്രാന്റ് പദ്ധതി നടപ്പിലാക്കുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്. സി-ഡിറ്റ് മുഖേനയാണ് പദ്ധതി നടപ്പിലാക്കുന്നത്. ആദ്യഘട്ടത്തിൽ ഏകദേശം അയ്യായിരത്തോളം വരുന്ന പോസ്റ്റ്മെട്രിക് വിദ്യാർത്ഥികൾക്ക് ഇ-ഗ്രാന്റ് മുഖേന വിദ്യാഭ്യാസാനുകൂല്യം നൽകുന്നതാണ്. തുടർന്ന് രണ്ടാംഘട്ടത്തിൽ പ്രീ-മെട്രിക് കുട്ടികൾക്കും ഇ-ഗ്രാന്റ് പദ്ധതിയിലൂടെ വിദ്യാഭ്യാസാനുകൂല്യം നൽകുന്നതാണ്. എസ്.സി/എസ്.ടി. വകുപ്പിൽ ഇപ്പോൾ ഉപയോഗിക്കുന്ന സോഫ്റ്റ് വെയറിന്റെ അതേ മാതൃകയിലുള്ള സോഫ്റ്റ് വെയറാണ് ഫിഷറീസ് വകുപ്പിനുവേണ്ടിയും തയ്യാറാക്കുന്നത്. 11,24,161 രൂപ ചെലവുവരുന്ന പദ്ധതിക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്. പദ്ധതി നടപ്പിലാക്കുന്നതിനുള്ള തുടർ നടപടികൾ സ്വീകരിച്ചുവരുന്നു.

മത്സ്യം വളർത്തുന്നതിനുള്ള പദ്ധതികൾ

98 (7661) ശ്രീ. സി. എഫ്. തോമസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഫിഷറീസ് വകുപ്പിൽ കഴിഞ്ഞ സാമ്പത്തികവർഷം മത്സ്യം വളർത്തുന്നതിനുള്ള എത്ര പദ്ധതികൾ അനുവദിച്ചു എന്ന് അറിയിക്കുമോ ;

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ബി) പ്രസ്തുത പദ്ധതികളുടെ വിശദാംശം ലഭ്യമാക്കുമോ ;

(സി) പ്രസ്തുത പദ്ധതികളുടെ പുരോഗതി വിലയിരുത്തിയിട്ടുണ്ടോ ?

ഉത്തരം

(എ) മത്സ്യക്കൃഷിയെ പ്രോത്സാഹിപ്പിക്കുന്നതിന് ഫിഷറീസ് വകുപ്പ് 2012-13 മുതലുള്ള 3 വർഷക്കാലയളവിൽ നടപ്പിലാക്കിവരുന്ന മത്സ്യസമൃദ്ധി പദ്ധതിയുടെ രണ്ടാം വർഷം 2013-14-ൽ നടപ്പിലാക്കി. കൂടാതെ വിവിധ ഏജൻസികൾ മുഖേന താഴെപ്പറയുംപ്രകാരമുള്ള പദ്ധതി നടപ്പിലാക്കി:

അഡാക്

1. കൈപ്പാട് നിലങ്ങളിലെ നെല്ലും-ചെമ്മീൻ കൃഷി പദ്ധതി.
2. പൊക്കാളി പാടങ്ങളിലെ പരിസ്ഥിതി സൗഹൃദ ചെമ്മീൻ കൃഷി.
3. കോൾ നിലങ്ങളിലെ ഒരു നെല്ലും ഒരു മീനും പദ്ധതി.
4. കുട്ടനാട്ടിലെ ഒരു നെല്ലും ഒരു മീനും പദ്ധതി.
5. പൊയ്യ ഫാമിലെ മത്സ്യകൃഷി പ്രവർത്തനങ്ങൾ.

ഫിർമ

പാലക്കാട് ജില്ലയിലെ മലമ്പുഴ, കണ്ണൂർ ജില്ലയിലെ പഴശ്ശി റിസർവോയറുകളിൽ കൂടുകളിൽ മത്സ്യകൃഷി നടത്തുന്നതിന് ആർ.കെ.വി.വൈ. നാഷണൽ മിഷൻ ഫോർ പ്രോട്ടീൻ സപ്ലിമെന്റിൽ ഉൾപ്പെടുത്തി 668 ലക്ഷം രൂപയ്ക്കുള്ള പദ്ധതി അനുവദിച്ചു.

(ബി) മത്സ്യസമൃദ്ധി പദ്ധതി

കേരളത്തിലെ ഉൾനാടൻ മത്സ്യസമ്പത്ത് വർദ്ധിപ്പിക്കുന്നതിന് 2012-15 കാലയളവിൽ തദ്ദേശസ്വയം ഭരണ സ്ഥാപനങ്ങളുടെ സഹകരണത്തോടെ നടപ്പിലാക്കിവരുന്ന പദ്ധതിയാണ് മത്സ്യസമൃദ്ധി പദ്ധതി. പദ്ധതിയുടെ മൊത്തം അടങ്കൽ തുക 194.7 കോടി രൂപയും സബ്സിഡി ഇനത്തിൽ നൽകിവരുന്നത് 55.30 കോടി രൂപയുമാണ്. പരമ്പരാഗത മത്സ്യത്തൊഴിലാളികളുടെ ഉപജീവനം ലക്ഷ്യമിട്ട് പൊതുജലാശയങ്ങളിലെ മത്സ്യസമ്പത്ത് വർദ്ധിപ്പിക്കുന്നതിനായി (14 ജില്ലകളിലായി) ഓരോ വർഷവും 21 ലക്ഷം രൂപ വീതം 3 വർഷത്തേക്ക് 63 ലക്ഷം രൂപയുടെ മത്സ്യവിത്ത് നിക്ഷേപിക്കുന്ന പദ്ധതിയും ഇതിലൂടെ നടപ്പിലാക്കിവരുന്നു. മത്സ്യസമൃദ്ധി പദ്ധതി പൂർത്തിയാകുന്നതോടെ ഉൾനാടൻ മത്സ്യോല്പാദനം 1.5 ലക്ഷം ടണ്ണിൽനിന്നും 2.5 ലക്ഷം ടണ്ണായി വർദ്ധിപ്പിക്കാനാണ് ലക്ഷ്യമിടുന്നത്.

മത്സ്യോല്പാദനം വർദ്ധിപ്പിക്കുന്നതിനായി ടി പദ്ധതിയിൽ കുളത്തിലെയും ഇതര ജലസംഭരണികളിലെയും ശുദ്ധജല മത്സ്യകൃഷി, പാടശേഖരങ്ങളിലെയും കോൾ പാടങ്ങളിലെയും മത്സ്യ/ആറ്റുകൊഞ്ച് കൃഷി, സംയോജിത മത്സ്യകൃഷി, പൊക്കാളി/കൈപ്പാട് നിലങ്ങളിലെയും സ്വകാര്യ കുളങ്ങളിലെയും ചെമ്മീൻകൃഷി,

LIBRARY ARCHIVES Kerala Legislative Assembly

കരിമീൻ വിത്തുപരിപാലന വില്പന യൂണിറ്റുകൾ (പി.എസ്.ആർ.യു) കുളങ്ങളിലെ കരിമീൻ കൃഷി, കൂടുകളിലെ കരിമീൻ കൃഷി, അടുക്കള കുളത്തിലെ കരിമീൻ കൃഷി, ഞണ്ട് കൊഴുപ്പിക്കൽ/കൃഷി, കല്ലുമ്മേക്കായ കൃഷി, പൊതുജലാശയങ്ങളിലെ മത്സ്യസമ്പത്ത് വർദ്ധിപ്പിക്കുന്നതിനുള്ള പദ്ധതികൾ, മത്സ്യകൃഷി പരിശീലന/ബോധവത്കരണ പരിപാടികൾ, സൗജന്യവിള ഇൻഷ്വറൻസ്, മികച്ച മത്സ്യകർഷകർക്കും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കും നൽകുന്ന അവാർഡ്, മത്സ്യകൃഷിക്കാവശ്യമായ അടിസ്ഥാന സൗകര്യവികസനം, മത്സ്യത്തീറ്റ സബ്സിഡി വിതരണം, കർഷകർക്കാവശ്യമായ കൈപ്പുസ്തകം തയ്യാറാക്കൽ എന്നീ ഘടകങ്ങൾ ഉൾപ്പെടുത്തിയിരിക്കുന്നു.

അഡാക്കിന്റെ പദ്ധതികൾ

1. കൈപ്പാട് നിലങ്ങളിലെ നെല്ലും ചെമ്മീൻ കൃഷി പദ്ധതി 2013-14 :

കണ്ണൂർ, കാസർഗോഡ്, കോഴിക്കോട് ജില്ലകളിലെ 93 ഹെക്ടർ കൈപ്പാട് നിലങ്ങളിൽ ജൈവരീതിയിലുള്ള നെല്ല്, ആറ്റുകൊഞ്ച്/മത്സ്യകൃഷി 200 ലക്ഷം രൂപ സംസ്ഥാന വിഹിതത്തോടുകൂടി നടപ്പാക്കി.

2. പൊക്കാളി പാടങ്ങളിലെ പരിസ്ഥിതി സൗഹൃദ ചെമ്മീൻ കൃഷി പദ്ധതി 2013-14 :

ആലപ്പുഴ, എറണാകുളം, തൃശ്ശൂർ ജില്ലകളിലെ 177.13 ഹെക്ടർ പൊക്കാളി പാടങ്ങളിൽ പരിസ്ഥിതി സൗഹൃദ ചെമ്മീൻ കൃഷി 100 ലക്ഷം രൂപ സംസ്ഥാന സർക്കാർ വിഹിതത്തോടുകൂടി നടപ്പാക്കി.

3. കോൾ നിലങ്ങളിലെ ഒരു നെല്ലും ഒരു മീനും പദ്ധതി 2013-14 :

തൃശ്ശൂർ, മലപ്പുറം ജില്ലകളിലെ കോൾ നിലങ്ങളിലെ 116 ഹെക്ടർ പ്രദേശത്ത് ആറ്റുകൊഞ്ച്/മത്സ്യകൃഷി 90 ലക്ഷം രൂപ സംസ്ഥാന സർക്കാർ വിഹിതത്തോടുകൂടി നടപ്പാക്കി.

4. കുട്ടനാട് ഒരു നെല്ലും ഒരു മീനും പദ്ധതി 2013-14 :

ആലപ്പുഴ, കോട്ടയം, പത്തനംതിട്ട ജില്ലകൾ ഉൾപ്പെടുന്ന കുട്ടനാട് പ്രദേശത്തെ 12.88 ഹെക്ടർ പാടശേഖരങ്ങളിൽ നെൽകൃഷി കഴിഞ്ഞുള്ള ഇടവേളകളിൽ ആറ്റുകൊഞ്ച്/മത്സ്യകൃഷി 10 ലക്ഷം രൂപ സംസ്ഥാന സർക്കാർ വിഹിതത്തോടുകൂടി നടപ്പാക്കി.

5. പൊയ്ക ഫാമിലെ മത്സ്യകൃഷി പ്രവർത്തനങ്ങൾ 2013-14 :

അഡാക് ഉടമസ്ഥതയിലുള്ള പൊയ്ക ഫാമിൽ 2013-14-ൽ മത്സ്യകൃഷി പ്രവർത്തനങ്ങൾക്കായി സംസ്ഥാന സർക്കാർ വിഹിതമായി 30.5 ലക്ഷം രൂപ അനുവദിച്ചു. 3 ലക്ഷം പൂമീൻ കുഞ്ഞുങ്ങളുടെ റിയറിംഗും 20 കേജുകളിൽ കരിമീൻ കൃഷിയും കുളങ്ങളിൽ പൂമീൻ കൃഷിയും നടപ്പാക്കി.

ഫിർമയുടെ പദ്ധതി

ആർ.കെ.വി.വൈ. നാഷണൽ മിഷൻ ഫോർ പ്രോട്ടീൻ സപ്ലിമെന്റിൽ ഉൾപ്പെടുത്തിയുള്ള 668 ലക്ഷം രൂപയുടെ പദ്ധതിപ്രകാരം പാലക്കാട് ജില്ലയിലെ മലമ്പുഴ, കണ്ണൂർ ജില്ലയിലെ പഴശ്ശി റിസർവോയറുകളിൽ കൂടുകളിൽ മത്സ്യകൃഷി നടത്തുന്നതിന് വിവക്ഷിക്കുന്നു.

483/2016

LIBRARY ARCHIVES Kerala Legislative Assembly

(സി) ഉണ്ട്. മത്സ്യസമൃദ്ധി പദ്ധതി പ്രവർത്തനങ്ങൾ പഞ്ചായത്തുതലത്തിൽ വിലയിരുത്തുന്നതിനായി പഞ്ചായത്ത് പ്രസിഡന്റ് ചെയർമാനായുള്ള പഞ്ചായത്തുതല സ്റ്റീയറിംഗ് കമ്മിറ്റിയും ജില്ലാതല പ്രവർത്തനങ്ങൾ വിലയിരുത്തുന്നതിനായി ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് ചെയർമാനായുള്ള ജില്ലാതല സ്റ്റീയറിംഗ് കമ്മിറ്റിയും സംസ്ഥാനതല പ്രവർത്തനങ്ങൾ വിലയിരുത്തുന്നതിനായി ഫിഷറീസ് ഡയറക്ടർ ചെയർമാനായുള്ള സംസ്ഥാനതല സ്റ്റീയറിംഗ് കമ്മിറ്റിയും പദ്ധതി പ്രവർത്തനങ്ങൾക്ക് നേതൃത്വം വഹിക്കുന്നതിനും പദ്ധതി നടപ്പാക്കുന്നതിനും വിലയിരുത്തുന്നതിനുമായി ബഹു. ഫിഷറീസ് വകുപ്പുമന്ത്രി ചെയർമാനായുള്ള സംസ്ഥാനതല ഗൈഡൻസ് കൗൺസിലും രൂപീകരിച്ചിട്ടുണ്ട്. ടി കമ്മിറ്റികൾ പദ്ധതിയുടെ പ്രവർത്തന പുരോഗതി വിലയിരുത്തിവരുന്നു. കൂടാതെ ടി പദ്ധതി സംസ്ഥാനതലത്തിൽ മോണിറ്റർ ചെയ്യുന്നതിനും കോ-ഓർഡിനേറ്റ് ചെയ്യുന്നതിനുമായി ഫിഷറീസ് ഡയറക്ടറേറ്റിൽ ഒരു സ്പെഷ്യൽ സെൽ രൂപീകരിച്ചിട്ടുണ്ട്. ജില്ലാ ഫിഷറീസ് ഓഫീസർമാർ, നോഡൽ ഓഫീസർമാർ, പ്രോജക്ട് അസിസ്റ്റന്റുമാർ എന്നിവരെ ഉൾപ്പെടുത്തി സ്പെഷ്യൽ സെല്ലിന്റെ നേതൃത്വത്തിൽ സംസ്ഥാനതലത്തിൽ ക്വാർട്ടർലി റിവ്യൂ മീറ്റിംഗുകളും വാർഷിക റിവ്യൂ മീറ്റിംഗുകളും ഫിഷറീസ് ഡയറക്ടർ, സ്പെഷ്യൽ ഓഫീസർ എന്നിവരുടെ നേതൃത്വത്തിൽ നടത്തിവരുന്നു.

മത്സ്യത്തൊഴിലാളികളുടെ കടാശ്വാസ പദ്ധതി

99 (7662) ശ്രീ. കെ. കുഞ്ഞിരാമൻ (ഉദുമ) : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാരിന്റെ കാലത്ത് മത്സ്യത്തൊഴിലാളി കടാശ്വാസ കമ്മീഷൻ എത്ര സിറ്റിങ്ങ് നടത്തി ;

(ബി) കഴിഞ്ഞ സർക്കാരിന്റെ കാലത്ത് കടാശ്വാസ ഇനത്തിൽ എത്ര കോടി രൂപ നൽകിയിരുന്നു ; ജില്ല തിരിച്ചുള്ള വിശദാംശങ്ങൾ അറിയിക്കുമോ ?

ഉത്തരം

(എ) ഈ സർക്കാരിന്റെകാലത്ത് മത്സ്യത്തൊഴിലാളി കടാശ്വാസ കമ്മീഷൻ 153 ദിവസങ്ങളിൽ സിറ്റിംഗുകളും നാഷണലൈസ്ഡ്/ഷെഡ്യൂൾഡ് ബാങ്കുകളുമായി ചേർന്ന് 26 ദിവസങ്ങളിൽ സംയുക്ത അദാലത്തുകളും നടത്തിയിട്ടുണ്ട്.

(ബി) കഴിഞ്ഞ സർക്കാരിന്റെ കാലത്ത് കടാശ്വാസത്തിനായി ലഭിച്ച 120 കോടി രൂപയിൽനിന്നും വിതരണംചെയ്ത തുകയുടെ വിശദാംശം ചുവടെ ചേർക്കുന്നു :

മത്സ്യഫെഡ് വഴിയുള്ള ഹഡ്കോ ഭവന നിർമ്മാണ വായ്പ - 5,91,30,000 രൂപ

മത്സ്യഫെഡ് വഴിയുള്ള എൻ.സി.ഡി.സി. വായ്പ - 13,15,15,914 രൂപ

LIBRARY ARCHIVES Kerala Legislative Assembly